ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30.12.2024**

## പ്രധാനവാർത്തകൾ

1. ബഹിരാകാശ രംഗത്തെ നിർണായക ചുവടുവെയ്പായ സ്പേഡെക്സ് ദൗത്യത്തിനൊരുങ്ങി ഐ.എസ്.ആർ.ഒ. വിക്ഷേപണം ഇന്ന് രാത്രി 9.58 ന്.

2. ഉമാ തോമസ് എംഎൽഎയ്ക്ക് ഗുരുതരമായി പരിക്കേൽക്കാനിടയായ കലൂർ സ്റ്റേഡിയം അപകടത്തിൽ പരിപാടിയുടെ നടത്തിപ്പുകാരിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. സംഘാടകരിൽ നിന്നും വീഴ്ച ഉണ്ടായതായി പോലീസ്.

3. പുതുവത്സരാഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാനത്ത് പരിശോധന കർശനമാക്കി ഭക്ഷ്യ സുരക്ഷാ വകുപ്പ്.

4. മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്ര നട തുറന്നു.

5. 92-ാമത് ശിവഗിരി തീർത്ഥാടന മഹാസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും.

6. 78-മത് സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം നാളെ പശ്ചിമ ബംഗാളിനെ നേരിടും.

****************************************

## ഐ എസ് ആർ ഒ - സ്പേഡെക്സ്

'സ്പേഡെക്സ്' ദൗത്യത്തിലൂടെ ബഹിരാകാശ രംഗത്ത് ചരിത്രം നേട്ടം കൈവരിക്കാൻ ഒരുങ്ങി ഐഎസ്ആർഒ. ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് വച്ച് കൂട്ടി യോജിപ്പിക്കുന്ന, ഐഎസ്ആർഒ യുടെ ഡോക്കിംഗ് ദൗത്യമായ 'സ്പേഡെക്സ്' ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് രാത്രി 9.58 നാണ് വിക്ഷേപിക്കുക. ദൗത്യം വിജയിക്കുന്നതോടെ, ഈ നേട്ടം കൈവരിക്കുന്ന ലോകത്തിലെ നാലാമത്തെ രാജ്യമായി ഇന്ത്യ മാറും. പി.എസ്.എൽ.വി സി-60 വിക്ഷേപണ വാഹനമാണ് 'സ്പേഡെക്സ്' ദൗത്യ ഉപഗ്രഹങ്ങളായ SDX 01 - ചേസർ, SDX 02 ടാർഗറ്റ് എന്നിവയെ ഭ്രമണപഥത്തിൽ എത്തിക്കുക.

RNU TVPM

***********************************

## നിർമല സീതാരാമൻ

കേന്ദ്രബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമല സീതാരാമൻ വ്യവസായ രംഗത്തുനിന്നുള്ള പ്രതിനിധികളുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഫിനാൻസ് സെക്രട്ടറി, മുഖ്യ സാമ്പത്തിക ഉപദേശകൻ തുടങ്ങിയ മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. പൊതുബജറ്റ് 2025 ഫെബ്രുവരി 1 ന് പാർലമെൻറിൽ അവതരിപ്പിക്കാനാണ് കേന്ദ്രസർക്കാർ തയ്യാറെടുക്കുന്നത്.

***********************************

## കലൂർ അപകടം

കൊച്ചി കലൂർ സ്റ്റേഡിയത്തിലെ പരിപാടിക്കിടെ ഉമാ തോമസ് എം എൽ എ യ്ക്ക് അപകടം ഉണ്ടായ സംഭവത്തിൽ, പരിപാടി നടത്തിയ ഇവൻറ് മാനേജ്മെൻറ് കമ്പനി ഉടമ കൃഷ്ണകുമാറിനെ

പോലീസ് അറസ്റ്റ് ചെയ്തു. അപകടത്തിൻ്റെ പശ്ചാത്തലത്തിൽ സംഘാടകരായ മൃദംഗ വിഷൻ എംഡി നിഗോഷ് കുമാർ മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയെ സമീപിച്ചു. സംഘാടകരെ ചോദ്യം ചെയ്യുമെന്നും ഇവരിൽ നിന്നും വീഴ്ച ഉണ്ടായതായും കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പറഞ്ഞു. പോലീസിൻറെ ഭാഗത്തുനിന്നുള്ള എല്ലാ ക്രമീകരണങ്ങളും ഉറപ്പുവരുത്തിയിരുന്നു. എന്നാൽ അഗ്നിരക്ഷാ സേന, പി.ഡബ്ല്യു.ഡി തുടങ്ങി മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെ സേവനം ഉറപ്പാക്കുന്നതിൽ സംഘാടകർ വീഴ്ച വരുത്തിയതായും അദ്ദേഹം അറിയിച്ചു. അതേസമയം, ഉമാ തോമസ് എംഎൽഎയുടെ ശ്വാസകോശത്തിനേറ്റ ചതവുകളാണ് വെല്ലുവിളിയെന്നും, കുറച്ചുനാൾ കൂടി വെൻറിലേറ്ററിൽ തുടരേണ്ടിവരുമെന്നും മെഡിക്കൽ ടീം അറിയിച്ചു.

RNU TVPM

*********************************

## ഭക്ഷ്യ സുരക്ഷ - വീണാ ജോർജ്

പുതുവത്സരത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പരിശോധന കർശനമാക്കി ഭക്ഷ്യ സുരക്ഷാ വകുപ്പ്. 252 സ്ക്വാഡുകളുടെ നേതൃത്വത്തിൽ 2,861 പരിശോധനകളാണ് സംസ്ഥാന വ്യാപകമായി ഇതിനകം പൂർത്തിയാക്കിയത്. മാനദണ്ഡങ്ങൾ പാലിക്കാത്ത 49 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. കേക്ക്, വൈൻ, ബേക്കറി വസ്തുക്കൾ എന്നിവ നിർമ്മിക്കുന്ന ബോർമകൾ, ചെറുകിട സംരംഭങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ചാണ് പരിശോധനകൾ. മത്സ്യ, മാംസ ഉത്പ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങളിലും ഉദ്യോഗസ്ഥർ പരിശോധന നടത്തി . പരിശോധനകൾ കർശനമായി തുടരുമെന്ന് മന്ത്രി വീണാ ജോർജ് വ്യക്തമാക്കി.

*********************************

## മാലിന്യം: ക്യാമറാ നിരീക്ഷണം

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയുള്ള ക്യാമറാ നിരീക്ഷണം ശക്തമാക്കി സംസ്ഥാന സർക്കാർ. ജനുവരി ഒന്നു മുതൽ ആരംഭിക്കുന്ന 'വലിച്ചെറിയൽ വിരുദ്ധ' വാരാചരണത്തിൻറെ ഭാഗമായാണ് നടപടി. നിയമലംഘകർക്കെതിരെ നടപടികൾ കൂടുതൽ ശക്തമാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എം.ബി.രാജേഷ് നിർദ്ദേശം നൽകി. ക്യാമ്പയിനിൻറെ ഭാഗമായി എല്ലാ സംഘടനകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും മറ്റ് കൂട്ടായ്മകളുടെയും പ്രതിനിധികളെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി ജനകീയ സമിതികളും രൂപീകരിക്കും .

*************************************

## ശബരിമല .......... ഇൻട്രോ

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്ര നട തുറന്നു. ജനുവരി 14 നാണ് മകരവിളക്ക്. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയ്സ്)

*************************************

## ശിവഗിരി

92-ാമത് ശിവഗിരി തീർത്ഥാടന മഹാസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ രാവിലെ 10 ന് ഉദ്ഘാടനം ചെയ്യും. ശ്രീനാരായണ ധർമസംഘം പ്രസിഡൻറ് സ്വാമി സച്ചിദാനന്ദ സമ്മേളനത്തിന് അധ്യക്ഷത വഹിക്കും. തീർത്ഥാടനത്തോടനുബന്ധിച്ച് നടക്കുന്ന കൃഷി- കൈത്തൊഴിൽ വ്യവസായം- ടൂറിസം സമ്മേളനം കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ്

RNUTVPM

ശെഖാവത്ത് ഉച്ചയ്ക്ക് 2 മണിക്ക് ഉദ്ഘാടനം ചെയ്യും. 92-ാമത് ശിവഗിരി തീർത്ഥാടനത്തിൻറെ ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് ഇന്ന് രാവിലെ നിർവഹിച്ചിരുന്നു.

*****************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*****************************************

## സ്കൂൾ കലോത്സവം........ ഇൻട്രോ

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് വേദിയാകാനൊരുങ്ങി തിരുവനന്തപുരം. ജനുവരി 04 മുതൽ 08 വരെ നീളുന്ന കൗമാരകലാമേളയുടെ ഉദ്ഘാടനം ശനിയാഴ്ച സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

RNU TVPM

(വോയ്സ്)

*****************************************

## എം.ടി വാസുദേവൻ-അനുസ്മരണം

അന്തരിച്ച വിഖ്യാത സാഹിത്യകാരൻ എം.ടി വാസുദേവൻ നായർക്ക് ആദരമർപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം തിരുവനന്തപുരത്ത് നാളെ നടക്കും. ടാഗോർ തിയേറ്ററിൽ വൈകുന്നേരം 3 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. എൻ.എസ്. മാധവൻ, ശ്രീകുമാരൻ തമ്പി തുടങ്ങി സാഹിത്യ സാംസ്കാരിക മേഖലയിലെ

പ്രമുഖർ എം.ടിയെ അനുസ്മരിക്കും. സംഗീതാർച്ചന, എംടി പുസ്തകങ്ങളുടെ പ്രദർശനം തുടങ്ങിയവയും ഇതോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്.

**********************************

## കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ-എം.ടി

ലോകസാഹിത്യത്തിന്റെ ചുവടുപിടിച്ച് പോയിരുന്ന മലയാള സാഹിത്യത്തിൽ കേരളത്തനിമ ഉയർത്തിപ്പിടിച്ച എഴുത്തുകാരനായിരുന്നു എം.ടി വാസുദേവൻ നായരെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. എം.ടി യുടെ കോഴിക്കോട്ടെ വസതി സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യത്യസ്തമായ രീതിയിൽ കഥ പറച്ചിൽ നടത്തിയ എം.ടി. കേരള സമൂഹത്തെ മാറ്റിചിന്തിപ്പിച്ചതായും അദ്ദേഹം പറഞ്ഞു.

RNU TVPM

**********************************

## കൊടി സുനി

ടി.പി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായ കൊടി സുനിക്ക് ഒരു മാസത്തെ പരോൾ നൽകിയ സർക്കാർ തീരുമാനം നിയമ സംവിധാനങ്ങളോടുള്ള വെല്ലുവിളിയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. പരോൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഗൂഡാലോചന നടന്നിട്ടുണ്ടോയെന്ന് സംശയമുണ്ടെന്നും അദ്ദേഹം പ്രസ്താവനയിൽ ആരോപിച്ചു. കോടി സുനിയുടെ അമ്മയുടെ അപേക്ഷ പരിഗണിച്ചാണ് 30 ദിവസത്തെ പരോൾ അനുവദിച്ചത്. പരോൾ നൽകിയതിനെതിരെ നിയമവിദഗ്ദരുമായി ആലോചിച്ച് തുടർനടപടി സ്വീകരിക്കുമെന്ന് എംഎൽഎയും ടി.പി ചന്ദ്രശേഖരൻറെ ഭാര്യയുമായ കെ കെ രമ പറഞ്ഞു.

**********************************

## ന്യൂനപക്ഷകമ്മീഷൻ-കാട്ടാന

ഇടുക്കി ജില്ലയിലെ മുള്ളരിങ്ങാട് അമയൽത്തൊട്ടിയിൽ കാട്ടാനകളുടെ ആക്രമണത്തിൽ യുവാവ് മരണപ്പെട്ട സംഭവത്തിൽ സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ സ്വമേധയാ കേസെടുത്തു. സംഭവത്തിൽ പ്രതിഷേധിച്ച് വണ്ണപ്പുറം പഞ്ചായത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ ഇന്ന് ഹർത്താൽ നടത്തിയിരുന്നു.

*********************************

## സന്തോഷ് ട്രോഫി

78-മത് സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം നാളെ പശ്ചിമ ബംഗാളിനെ നേരിടും. ഹൈദരാബാദ് സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം. സെമിയിൽ മണിപ്പൂരിനെ ഒന്നിനെതിരെ അഞ്ച് ഗോളുകൾക്ക് വീഴ്ത്തിയാണ് കേരളം ഫൈനലിൽ കടന്നത്. 16 തവണ സന്തോഷ് ട്രോഫി ഫൈനലിൽ എത്തിയിട്ടുള്ള കേരളം ഏഴ് തവണ കിരീടം സ്വന്തമാക്കിയിട്ടുണ്ട്.

RNU TVPM

*********************************

## ക്രിക്കറ്റ്

മെൽബണിൽ നടന്ന ബോർഡർ-ഗവാസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 184 റൺസ് ജയം. 340 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ രണ്ടാം ഇന്നിംഗ്സിൽ 155 റൺസിന് പുറത്തായി. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഓസ്ട്രേലിയ ഇതോടെ 2-1 ന് മുന്നിലെത്തി.

*********************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 451 പോയിന്റ് താഴ്ന്ന് 78,248 ലും നിഫ്റ്റി 168 പോയിൻറ് ഇടിഞ്ഞ് 23,644 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ നേരിയ വർദ്ധന. പവന് 120 രൂപ വർദ്ധിച്ച് 57,200 രൂപയും ഗ്രാമിന് 7,150 രൂപയുമാണ് ഇന്നത്തെ വില.

************************************

## കൊച്ചി മെട്രോ

പുതുവൽസര ആഘോഷങ്ങളോടനുബന്ധിച്ചുള്ള തിരക്ക് കണക്കിലെടുത്ത് കൊച്ചി മെട്രോ കൂടുതൽ സർവ്വീസ് നടത്തും. വൈകുന്നേരങ്ങളിലെ തിരക്കേറിയ സമയത്ത് ജനുവരി 4 വരെ 10 സർവ്വീസുകൾ കൂടുതലായി ഉണ്ടാകും. 31 ന് രാത്രി 10.30 നു ശേഷവും 20 മിനിറ്റ് ഇടവിട്ട് സർവ്വീസ് തുടരും. അവസാന സർവ്വീസ് തൃപ്പൂണിത്തുറയിൽ നിന്നും പുലർച്ചെ 1.30 നും ആലുവയിൽ നിന്നും 1.45 നും ആയിരിക്കും.

RNU TVPM

************************************

## നിയമസഭ പുസ്തകോത്സവം

കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന പുസ്തകോത്സവത്തിൻറെ മൂന്നാം പതിപ്പിൽ കലാസാംസ്കാരിക രാഷ്ട്രീയ മേഖലയിലെ പ്രമുഖർ പങ്കെടുക്കും. ദേവദത്ത് പട്നായിക്ക് , ബൃന്ദാ കാരാട്ട്, ശശി തരൂർ എം പി, മന്ത്രി പി രാജീവ്, സുനിൽ പി ഇളയിടം തുടങ്ങിയവർ വിവിധ സെഷനുകളിലായി സംവദിക്കും. 350-ഓളം പുസ്തക പ്രകാശനങ്ങൾക്കും, 60-ലധികം പുസ്തക ചർച്ചകൾക്കും പുസ്തകോത്സവം വേദിയാവും.

************************************************************************

************************************